# PETERIAN KITES



# PETERIAN KITES

DIGITAL MAGAZINE

2018-19

# S.T PETERS H.S.S
# KURUMPANADAM





കൈറ്റ് നേതൃത്വം

KITE MISTRESS: SMT SUNITHA MARY ABRAHAM

KITE MASTER:SRI SAJAN ALEX

KITE LEADER:ADITHYA R

## സന്ദേശം

അക്ഷരം അഗ്നിയാണ്. 'പിറ്റേറിയൻ' കൈറ്റ്സ് ഡിജിറ്റൽ

*മാഗസിനിലൂടെ കൊളുത്തുന്ന  ഈ തിരി അണയാതെ എന്നും പ്രകാശിച്ച് നിൽക്കട്ടെ .*

*അക്ഷരങ്ങൾ വാക്കുകളെയും വാക്കുകൾ വാക്യങ്ങളായും വാക്യങ്ങൾ കഥകളെയും കവിതകളെയും എല്ലാം ഇവിടെ ഒത്തുചേരുന്നു എന്നറിഞ്ഞതിൽ സന്തോഷം .*

*നിങ്ങളുടെ സർഗ്ഗവാസനകൾ ഇതിലൂടെ പുറത്തുവരട്ടെ . നിങ്ങളുടെ  വളർച്ച  എന്റെ സ്വപ്നവും പ്രാർത്ഥനയും പ്രതിക്ഷയുമാണ്. വിദ്യാലയത്തിലെ പ്രതിഭകൾ*

*ഒരുക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.........*

*Sri KC GEORGE*
*Headmaster St Peter's H.S.S*
*Kurumpanadom*

***3***

ആശംസ

കേരളാ ഗവൺമെന്റ്  പ്രാവർത്തികമാക്കിയ ഏറ്റവും സർഗാത്മകവും കാലോചിതവുമായ ഒരു പ്രൊജക്ടാണ് ലിറ്റിൽകൈറ്റ്സ്.കുറുമ്പനാടം സെന്റ്  പീറ്റേര്സിൽ ഈ അദ്ധ്യയന വർഷം കൈറ്റ് ബന്ധിതമായ പ്രവർത്തനങ്ങളുടെ ഭാഗമായി ടീം കൈറ്റ് തയ്യാറാക്കുന്ന ഈ സർഗ്ഗ വസന്തം പൂർണമായും ഇവരുടെ പ്രയത്നമാണ്. കുട്ടികളെ ശരിയായ ദിശയിൽ സഞ്ചരിക്കാൻ പ്രയത്നിക്കുന്ന ഇത്തരം പ്രവർത്തനങ്ങളിലൂടെ  കുട്ടികൾ നന്മയുടെ വഴിയിലൂടെ സഞ്ചരിക്കട്ടെ.ആ വഴികളിൽ നടന്നവരുടെ സർഗ്ഗാത്മക

കഴിവുകൾ അവർ തിരിച്ചറിയട്ടെ.ആ തിരിച്ചറിവിൽനിന്ന് പ്രയോഗിക്കട്ടെ.പ്രയോഗങ്ങൾ ശീലമായും ശീലങ്ങളിലൂടെ ആത്മവിശ്വാസത്തിന്റെ നെറുകൈയിലേക്ക് അവർ നടന്നു കയറട്ടെ .അങ്ങനെ സ്കൂൾജീവിതം കഴിഞ്ഞവർ പുറത്തിറങ്ങുന്നത് തേച്ചുമിനുക്കി എടുത്ത ജീവിത അതിജീവന ഉപകരണങ്ങളായിട്ടാവട്ടെ.അതിനുള്ള ഈ എളിയ പരിശ്രമത്തിന് ഹൃദയപൂർവം ആശംസകൾ.

ശ്രീ സാജൻ അലക്സ്[കൈറ്റ് മാസ്റ്റർ]

ശ്രീമതി സുനിത മേരി എബ്രഹാം [കൈറ്റ് മിസ്ട്രെസ്]

ഉള്ളടക്കം

**താളുകൾ മറിക്കുമ്പോൾ**

Page No.


1. Digital Painting.......................................................6
2. little kites – ലേഖനം 2.........................................7
3. Raspberry Pi.........................................................8
4.computer – ലേഖനം ..............................................9,10
5.IT Instruments .....................................................11,12,13
6.computer ശാസ്ത്രജ്ഞൻ..................................14,15,16
7. മഹദ് വചനങ്ങൾ...................................................17
8. Digital painting.....................................................18
9. Poem -പുണ്യം.........................................................19
10. Poem -പ്രളയം.......................................................20
11. Poem -ഇനി എത്രനാൾ........................................21
12. Indian Techies head of Multinational..............22,23
13. Willpower.............................................................24
14. സൗഹൃദം -ലേഖനം...............................................25
15. IT quiz...................................................................26,27
16. Poem -ജീവിതം.....................................................28
17. സ്നേഹം -ലേഖനം.................................................29
18. Poem -അമ്മയും നന്മയും.....................................30
19. Computer parts..................................................31,32,33,34
20. നല്ല കൂട്ടുകാരൻ - കഥ.......................................35

21. Poem - ശിഷ്യന്റെ പ്രണാമം.................................36
22. Reading book – poem.......................................37
23. Quotes....................................................................38
24. HDMI.......................................................................39
25. Poem -മലയാണ്മയുടെ ലോകം...........................40
26. USB..........................................................................41
27. FIRE WIRE PORT..................................................42
28. Poem -പ്രളയപാഠങ്ങൾ.......................................43
29. QUIZ-2....................................................................44,45
30. വ്യക്തിത്വ വികസനം-ലേഖനം...............................46
31. ജീവിതയാത്ര – poem..........................................47
32. Ports of CPU.........................................................48
33. പ്രഭാതം - Poem.....................................................49
34.poem സത്യം...........................................................50
35.നവകേരളം-ലേഖനം........................................51
36.DIGITAL PAINTING...................................52
37.THANKS GIVING............................................53



നമ്മുടെ കൊച്ചുകൂട്ടകാരുടെ സർഗ്ഗവാസനകൾ പ്രോൽസാഹിപ്പിക്കുന്നതിന് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇതാ പുറത്തിറക്കുകയാണ്.കുട്ടികളുടെ മനസ്സിൽ വിടരുന്ന കുഞ്ഞു കുഞ്ഞു സ്വപ്നങ്ങളും ആശയങ്ങളും സങ്കല്പങ്ങളും എല്ലാമാണ് ഇതിലൂടെ കഥകളും കവിതകളും ആയി പരിവർത്തനം ചെയ്യപെടുന്നത്.മനോഹരമായാ പുഷ്പം

എല്ലാവർക്കും സൗരഭ്യം പകർന്നു നൽകുന്ന പോലെ ഒരു ചെറിയ അനുഭൂതി നിങ്ങളിൽ സൃഷ്ടിക്കാൻ ആയാൽ ഞങ്ങൾ ധന്യരായി.

എഡിറ്റോറിയൽ ബോർഡ്

Editorial board

***chief editors:***

Mathew Sebastian
Gowtham Krishna,K

***Sub editors:***

+Nithin Varghese
+jerin thomas
+Adithya R

***Cover page and layout***



# DIGITAL PAINTING



By Alina Biju

6

## ലിറ്റിൽ കൈറ്റ്സ്

7

കേരള ഇൻഫ്രാസട്രചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (kite )നടപ്പാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി ഇന്ത്യയിലെ കൂട്ടികളുടെ  ഏറ്റവും വലിയ ഐ.ടി കൂട്ടായ്മ ആണ് .1,898 സ്കൂളുകളിലായ് ഒൻപതാം ക്ളാസ്സിലെ 58,247 വിദ്യാർത്ഥികൾ അംഗങ്ങളാണ് .അടുത്ത വർഷത്തെ അംഗങ്ങൾകൂടി ചേരുമ്പോൾ ഇതു 1.2 ലക്ഷം ആകും.  അദ്ധ്യാപകർ കൈറ്റ് മാസ്റ്റർ എന്ന പേരിൽ യൂണിറ്റിന്റെ ചുമതലകരാകും. ക്ലബ്ബ്

പ്രവർത്തനത്തിനുള്ള ധനസഹായം കൈറ്റ് നൽകും. കൈറ്റിന്റെ വൈസ് ചെയർമാൻ അൻവർ സാദത്ത് ആണ്. ലിറ്റിലകൈറ്റ്സ് അംഗങ്ങളായ കൂട്ടികൾക്ക് മാസം 4 മണിക്കൂർ പരിശീലനം നൽകും. ഹാർഡ്‌വെയർ പരിപാലനം ,രക്ഷിതാക്കൾക്ക് ഐ.ടി സാക്ഷരതാ തുടങ്ങി സമൂഹത്തിന് ആവശ്യമായ ഐ.ടി സേവനങ്ങൾ ആകും  പഠിപ്പിക്കുക. വിദഗ്ധരുടേ ക്യാമ്പുകൾ ,ഇൻഡസ്ട്രിയൽ വിസിറ്റ് മുതലായവയും ഉണ്ട്.


By

Noel jimmy

## ***Raspberry pi***



റാസ്പ്ബെറി പൈ എന്നത് ക്രെഡിറ്റ് കാർഡ് വലിപ്പം ഉള്ള ഒരു കമ്പ്യൂട്ടർ ആണ്.സാധാരണ കമ്പ്യൂട്ടറിൽ ലഭ്യമായ എല്ലാ സൗകര്യങ്ങളും ഇതിൽ ലഭ്യമാണ്.പക്ഷെ ഇത് നേരിയ തോതിൽ മാത്രമേ വൈത്യുതി ഉപയോഗികുന്നുളു.ഇതു പ്രധാനമായും വിദ്യാഭ്യാസ ആവശ്യങ്ങൾക്കു വേണ്ടിയാണു ഉപയോഗിക്കുന്നത്.ഈ കമ്പ്യൂട്ടർ ഉപയോഗിച്ച് നിരവധി പ്രോഗ്രാമുകൾ തയാറാക്കാം.ഈ പ്രോഗ്രാം ഉപയോഗിച്ച് പുറംമേനിന്നുള്ള ഉപകരണങ്ങൾ നിയന്ത്രിക്കാം.



# *Random Access Memory*

വിപ്ലവകരമായ മാറ്റങ്ങൾ റാമിന്റെ സംഭരണത്തിലും ഘടനയിലും വന്നിട്ടുണ്ട്.വലുപ്പമുള്ള റാം ഡെസ്ക്ടോപ്പ് കംപ്യൂട്ടറിലും,ചെറിയ  റാം ലാപ്ടോപ്പിലും ഉപയോഗിക്കുന്നു.സ്മാർട്ട് ഫോൺ,ടാബ്‌ലറ്റ് മുതലായവയിൽ റാം മദർ ബോർഡിൽ ഘടിപ്പിച്ചിരിക്കുന്നു.മുൻകാലങ്ങളിൽ ഉപയോഗിച്ചതിലധികം നാം ഇപ്പോൾ റാം ഉപയോഗിക്കുന്നു.

BY- Jeyamol T.J



## കംപ്യൂട്ടർ



കംപ്യൂട്ടർ  നമ്മുടെ ഇന്നത്തെ ജീവിതത്തിൽ നിന്ന് വേർപെടുതാൻ  പറ്റാത്ത ഒരു ഭാഗമായി തീർന്നിരിക്കുകയാണ് .കമ്പ്യൂട്ടർ ആളുകൾക്ക് വിവരംങ്ങൾ മാത്രമല്ല ,വിജ്ഞാനവും ,ജോലിവരെയും നൽകി കൊടുത്തിരിക്കുന്നു .കമ്പ്യൂട്ടർ നമുക്ക് രണ്ടായി തിരിക്കാം ,ഒന്ന് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ,മറ്റേത് ലാപ്ടോപ്പ് കംപ്യൂട്ടറുമാണ്.

ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ നമ്മൾ മേശയുടെ പുറത്ത്  സ്ഥിരമായി

ഉപയോഗിക്കുന്നതാണ്.ഇത് ലാപ്ടോപ്കളെകാൾ വലുതാണ് .ഈ കംപ്യൂട്ടറുകൾക്ക് സിപി യു ,കീബോർഡ് ,മൗസ്,യുപി എസ് ,മോണിറ്റർ എന്നിവയുണ്ട് ഇവ നേരെ പ്ളഗ് പോയിന്റിൽ കുത്തി ഉപയോഗിക്കാവുന്നതാണ്.ഇതിന്റെ യൂപിഎസ് കറന്റ്  പോയാലും കമ്പ്യൂട്ടർ മണിക്കുറുകൾ പ്രവർത്തിക്കാൻ സഹായിക്കുനു .ഈ കംപ്യൂട്ടർകളുടെ മുഖ്യഭാഗം അല്ലെങ്കിൽ തലച്ചോറ് എന്ന് പറയുന്നത് സി പി യൂ ആണ് .ഇതിലാണ് കംപ്യൂട്ടറുകൾ .അവയുടെ ഫയലുകളും മറ്റും സൂക്ഷിക്കുന്നത് .നമുക്ക് എന്തെങ്കിലും കമ്പ്യൂട്ടറിൽ     10 എഴുതണമെങ്കിൽ കീബോർഡും കമ്പ്യൂട്ടറിൽ ഉണ്ട്.മനസ് എന്ന് ഭാഗം കംപ്യൂട്ടറിലെ ഫയലുകൾ മറ്റും എടുക്കാൻ സഹായിക്കുന്നു .കീബോർഡും മൗസും നടത്തുന്ന പ്രവത്തനങ്ങൾ നമ്മൾ മോണിറ്റർവഴി നമ്മക്ക് കൊണ്ടുപോകാൻ ബുദ്ധിമുട്ടാണ് . ലാപ്ടോപ്പ് എന്നാൽ ഡെസ്ക്ടോപ്പ് കംപ്യൂട്ടറിന്റെ ഒരു മോണിറ്ററും ,കീബോർഡും,മൗസും മാത്രമേ കാണുകയ്യുള്ളു.ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ പോല്ലേ അധികം ഭാഗങ്ങളില്ല.ഈ കമ്പ്യൂട്ടർ നമുക്ക് മടക്കി ബാഗിലോ ,കയ്യിലോ പിടിക്കാം.അതുകൊണ്ട് തന്നെ എവിടെ കൊണ്ടുപോകാനും എളുപ്പമാകുന്നു.ബാറ്ററി തീരുമ്പോൾ നമുക്ക് ചാർജ് ചെയ്യാവുന്നതാണ്.

ഈ കഴിഞ്ഞ കാലത്തെ ആളുകൾ ചുരുക്കം മാത്രമെ കമ്പ്യൂട്ടർ പഠിച്ചിട്ടുള്ളു. എന്നാൽ ഇന്ന് കമ്പ്യൂട്ടർ ഉപയോഗിക്കാൻ അറിയാത്തവർ ചുരുക്കം മാത്രമാണ്.

ഇന്ന് ഏതൊരു സ്ഥാപനത്തിലും വീടുകളിലും കമ്പ്യൂട്ടർ സാധാരണമാണ്.അതുകൊണ്ടുതന്നെ ആളുകൾ കമ്പ്യൂട്ടർ പഠിക്കാൻ പ്രേരിതരാകുന്നു. മേഘലയിൽ ജോലി ചെയ്യുന്നവർ അധികമാണ്.കമ്പ്യൂട്ടർ ഉപയോഗിച്ചാൽ നമ്മുടെ വീട്ടിലെ ഭൂരിഭാഗം കറന്റും ഇത് വലിക്കും .കമ്പ്യൂട്ടർ നമ്മുടെ നല്ല സുഹൃത്തായി കൊണ്ടുപോകാം .ഈ കംപ്യൂട്ടറുകൾക്ക് മോണിറ്ററും ,കീബോർഡും,മൗസും മാത്രമേ കാണുകയ്യുള്ളു.ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ പോല്ലേ അധികം ഭാഗങ്ങളില്ല.ഈ കമ്പ്യൂട്ടർ നമുക്ക് മടക്കി ബാഗിലോ ,കയ്യിലോ പിടിക്കാം.അതുകൊണ്ട് തന്നെ എവിടെ കൊണ്ടുപോകാനും എളുപ്പമാകുന്നു.ബാറ്ററി തീരുമ്പോൾ നമുക്ക് ചാർജ് ചെയ്യാവുന്നതാണ്.

ഈ കഴിഞ്ഞ കാലത്തെ ആളുകൾ ചുരുക്കം മാത്രമെ കമ്പ്യൂട്ടർ പഠിച്ചിട്ടുള്ളു.

By-ഗൗതം കൃഷ്ണാ കെ

- ഐടി ഉപകരണങ്ങൾ

11



**മൗസ്** എന്നാൽ കമ്പ്യൂട്ടറുകൾക്കുള്ള കൈയിലൊതുങ്ങുന്ന പോയിൻറിങ്ങ് ഡിവൈസസും (ചൂണ്ടിക്കാണിക്കാനുള്ള ഉപകരണം), ഇൻപുട്ട് ഡിവൈസും ആണ്. അത് കൈവെള്ളയിൽ ഒതുങ്ങുന്നവണ്ണം രൂപവത്കരിക്കപ്പെട്ടതും ഒന്നോ അതിൽകൂടുതൽ ബട്ടനുകളുള്ള ഒരു ചെറിയ ഉപകരണം ആണ്. ഇത് ഒരു പരന്ന ഉപരിതലത്തിലാണ് സ്ഥാപികുന്നത്. മൗസിന്റെ അടിവശത്ത് അതിരിക്കുന്ന പരന്ന ഉപരിതലവുമായി താരതമ്യപ്പെടുത്തി അതിന്റെ ചലനം നിർണയിക്കാനുള്ള ഒരു ഉപകരണം ഉണ്ട്. മൗസിന്റെ ചലനം ഡിസ്‌പ്ലേയിലെ ഒരു ബിന്ദുവിന്റെ ചലനമായി വ്യാഖ്യാനിക്കുന്നു. (പോയിന്ററും കർസറും രണ്ടാണ്.)

അതിന് മൗസ് എന്ന പേര് ലഭിച്ചത് ആദ്യകാലത്തെ മൗസുകളിൽ നിന്നും കമ്പ്യൂട്ടറിലേക്കുള്ള വയർ (വിദ്യുത് ചാലകം) എലികളുടെ വാല് പോലെയിരുന്നതിനാലാണ്. മാത്രമല്ല, പോയിന്ററുടെ ചലനം ഒരു എലിയുടെ ചലനം

പോലെയുള്ളതുകൊണ്ടും ആകാം.



## യു.എസ്.ബി. ഫ്ലാഷ് ഡ്രൈവ്

**12**

കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്ന വേർപെടുത്താവുന്ന വിവരശേഖരണോപാധിയാണ് **യു.എസ്.ബി. ഫ്ലാഷ് ഡ്രൈവ്.** ഹാർഡ് ഡിസ്ക് പോലെ വിവരങ്ങൾ ശേഖരിച്ച് വെക്കാൻ സാധിക്കുമെന്നതാണ് യു എസ്.ബി. ഫ്ലാഷ് ഡ്രൈവിന്റെ പ്രത്യേകത. പെൻ ഡ്രൈവ്, ഫ്ലാഷ് മെമ്മറി, മെമ്മറി സ്റ്റിക് എന്ന പേരുകളിലെല്ലാം ഇത് അറിയപ്പെടുന്നു. ഒരു ഇഞ്ച് വലിപ്പമുള്ള ഫ്ലാഷ് ഡിസ്കുകൾ വരെ ഇപ്പോൾ ലഭ്യമാണ്. 32 മെഗാബൈറ്റ് മുതൽ മുകളിലേക്ക് വിവിധ രൂപത്തിലും സംഭരണ ശേഷിയിലുമുള്ള ഫ്ലാഷ് ഡിസ്കുകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. ഫ്ലാഷ് ഡ്രൈവുകൾ വാഹനങ്ങളിൽ ഘടിപ്പിച്ച് സംഗീതവും മറ്റും ആസ്വദിക്കാനുള്ള സംവിധാനവും വിപണിയിൽ ലഭ്യമാണ്.




കമ്പ്യൂറിലേക്ക്വിവരങ്ങൾ ടൈപ്പുചെയ്ത് നൽകാനുള്ള ഉപകരണമാണ് **കീബോഡ്** .വ്യത്യസ്തമായ കീബോഡുകളിൽ ടൈപ്പ് റൈറ്ററിന് സമാനമായും അല്ലാതെയും കീകൾ ക്രമീച്ചിരിക്കുന്ന കീബോഡുകൾ ലഭ്യമാണ്.QWERTY കീബോഡുകളാണ് ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ളത്.



ലിപികൾ, ചിത്രങ്ങൾ, ചിഹ്നങ്ങൾ, വരകൾ, വർണങ്ങൾ എന്നിവയെ ആലേഖനം ചെയ്യുവാൻ, അവയെ പലതരത്തിൽ അച്ചുകളിലേക്കു പകർത്തുകയും അത്തരം അച്ചുകളിൽനിന്നു കടലാസിലോ, മറ്റു പദാർഥങ്ങളിലോ, കൈകൊണ്ടോ യന്ത്രസഹായത്താലോ പതിപ്പുകൾ നിർമ്മിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് **അച്ചടി** (Printing) എന്നറിയപ്പെടുന്നത്. 13

ആശയവിനിമയത്തിനുള്ള മുഖ്യോപാധികളിൽ ഒന്നാണ് അച്ചടി. മനുഷ്യ സമൂഹത്തിന്റെ പുരോഗതിയുടെ എല്ലാ വശങ്ങളെയും ഇത് ഒരുപോലെ സ്പർശിക്കുന്നു. വിദ്യാഭ്യാസം, വാർത്താവിനിമയം, പാക്കേജിങ്, തപാൽ സ്റ്റാമ്പുകൾ,

മുദ്രപത്രങ്ങൾ, കടലാസ് നിർമിത നാണയങ്ങൾ, ബഹുവർണ ചിത്രങ്ങൾ തുടങ്ങി ആധുനിക സമൂഹത്തിനാവശ്യമായതെന്തിനും അച്ചടിയുടെ സഹായം ആവശ്യമാണ്.

അച്ചടി എന്ന പദംകൊണ്ടു സാധാരണ വിവക്ഷിക്കുന്നത് ഇംഗ്ലീഷിൽ 'ലറ്റർ പ്രസ് പ്രിന്റിംഗ്' (Letter Press Printing) എന്നു പറയപ്പെടുന്ന മുദ്രണവിഭാഗം ആണ്. സാങ്കേതികാർഥത്തിൽ ഇതു ശരിയല്ല 'ആലേഖനകലകൾ' (Graphic arts) എല്ലാംതന്നെ അച്ചടിയിൽ ഉൾപ്പെടുന്നു. അച്ചുകൾ എന്നതിനു പതിപ്പുകൾ എടുക്കാവുന്ന പ്രതിരൂപവസ്തു എന്നാണർഥം. കടലാസ്, തുണി, ചണച്ചാക്ക്, മരം, സെലഫെയ്ൻ (celophane), ഗ്ലാസ് (glass), കോർക്ക് (cork), കാർഡ്ബോർഡ് (card board), പ്ലാസ്റ്റിക് (plastic), ലോഹപദാർഥങ്ങൾ എന്നിങ്ങനെ പലതരം വസ്തുക്കളിൽ അച്ചടി നടത്താറുണ്ട്. അച്ചടിയുടെ പ്രവർത്തനം വ്യാപകമാകുന്തോറും അതിനുപയോഗിച്ചുവരുന്ന സാങ്കേതികകൌശലവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അച്ചടിയുടെ വിവിധരീതികളാണ് പലതരം മുദ്രണങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത്. പുസ്തകങ്ങൾ അച്ചടിക്കുന്നതിനും ലോഹടിന്നുകളിൽ അച്ചടിക്കുന്നതിനും പ്രത്യേകം പ്രത്യേകം അച്ചടിസമ്പ്രദായങ്ങൾ ആവശ്യമാണ്. വർത്തമാനപത്രം അച്ചടിക്കുന്ന 'റോട്ടറി (Rotary) ലറ്റർ പ്രസ്' തീപ്പെട്ടിപ്പടം അച്ചടിക്കുവാൻ ഉപയുക്തമല്ല. അച്ചടിയുടെ പരമ്പരാഗതരീതിയായ 'ലറ്റർ പ്രസ്' വിവിധ സാങ്കേതികപരിഷ്കാരങ്ങൾക്കു വിധേയമായിട്ടുണ്ട്. ഇന്ന് ഈ വ്യവസായം മുദ്രണചരിത്രത്തിന്റെ അവലോകനം എത്രത്തോളം പുരോഗമിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കുവാൻ സഹായകമാണ് flex printing

BY ADITHYA R

കംപ്യൂട്ടർ ശാസ്ത്രജ്ഞന്മാർ





മാർക്ക് സക്കർബർഗ്


ഒരു അമേരിക്കൻ കമ്പ്യൂട്ടർ വ്യവസായിയാണ് **മാർക്ക് ഏലിയറ്റ് സക്കർബർഗ്** (ജനനം: മേയ് 14, 1984). ഇപ്പോൾ ഫേസ്ബുക്ക് എന്ന സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റിന്റെ സി.ഇ. ഒ.[4] ആണ് സക്കർബർഗ്.ഹാർവാഡിൽ പഠിക്കുന്ന സമയത്താണ് ആൻഡ്രൂ മക്കൊള്ളം, ഡസ്റ്റിൻ മൊസ്കോവിറ്റ്സ്, ക്രിസ് ഹഗ്ഹസ് എന്നിവരുമായി ചേർന്നാണ് സക്കർബർഗ് ഫേസ്ബുക്ക് എന്ന സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റ് തുടങ്ങിയത്.ഫേസ്ബുക്ക് സംഘം പിന്നീട് അവരുടെ സേവനം ദേശവ്യാപകമായി മറ്റു കാമ്പസുകളിലേക്കും വ്യാപിപ്പിച്ചു. ഫോർബ്സ് മാസികയുടെ കണക്കുകൾ പ്രകാരം സ്വപ്രയത്നത്തിലൂടെ കോടീശ്വരനായ ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് സക്കർബർഗ്.



**ബിൽ ഗേറ്റ്സ്** എന്നറിയപ്പെടുന്ന **വില്യം ഹെൻറി ഗേറ്റ്സ് മൂന്നാമൻ** (William Henry Gates III) (ജനനം: 28 ഒക്ടോബർ 1955)[2] പ്രശസ്തനായ ഒരു അമേരിക്കൻ വ്യവസായിയും സാമൂഹ്യപ്രവർത്തകനുമാണ്. ലോകത്തെ ഏറ്റവും വലിയ 15 പേഴ്സണൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വേർ കമ്പനിയായ മൈക്രോസോഫ്റ്റിന്റെ സ്ഥാപകരിലൊരാളും നിലവിലെ ചെയർമാനുമാണ്. ഒന്നര പതിറ്റാണ്ടോളമായി ലോകത്തെ ധനികരുടെ പട്ടികയിൽ മുൻനിരയിലുള്ള[3] ഗേറ്റ്സ് 1995 മുതൽ 2009 വരെയുള്ള കാലയളവിൽ, 2008 ഒഴികെയുള്ള വർഷങ്ങളിൽ ലോകത്തെ ഏറ്റവും വലിയ ധനികനായിരുന്നു.[4] 2011-ൽ ഏറ്റവും ധനികനായ അമേരിക്കക്കാരനും ലോകത്തെ രണ്ടാം സ്ഥാനക്കാരനുമായിരുന്നു.[5][6] മൈക്രോസോഫ്റ്റിൽ സി.ഇ.ഒ., മുഖ്യസോഫ്റ്റ്‌വേർ രൂപകൽപകൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിരുന്ന അദ്ദേഹം ഇപ്പോൾ കമ്പനിയുടെ അദ്ധ്യക്ഷനാണ്. കൂടാതെ കമ്പനിയുടെ ഏറ്റവും വലിയ വ്യക്തിഗത ഓഹരിയുടമയുമാണ് (6.4%).[7] നിരവധി പുസ്തകങ്ങളുടെ രചയിതാവുകൂടിയാണ് ബിൽ ഗേറ്റ്സ്.

പെഴ്സണൽ കമ്പ്യൂട്ടർ വിപ്ലവത്തിന് തുടക്കം കുറിക്കുകയും അതിന്റെ വളർച്ചയിൽ അവിഭാജ്യഘടകമാകുകയും ചെയ്ത മൈക്രോസോഫ്റ്റ്, ബിൽ ഗേറ്റ്സും പോൾ അലനും

ചേർന്നാണ് സ്ഥാപിച്ചത്. മൈക്രോസോഫ്റ്റിന്റെ മേധാവിയായിരിക്കുമ്പോൾ, മൽസരക്ഷമമല്ലാത്ത സ്ഥിതി സൃഷ്ടിക്കുന്ന കച്ചവടതന്ത്രങ്ങളുടെ പേരിൽ, ബിൽഗേറ്റ്സ് ഏറെ വിമർശിക്കപ്പെട്ടിട്ടുണ്ട്. പിൽക്കാലത്ത് നിരവധി സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ ഗേറ്റ്സ് പങ്കുകൊള്ളുന്നു. 2000-ത്തിൽ ബിൽ ഗേറ്റ്സും ഭാര്യ മെലിൻഡയും ചേർന്ന് രൂപം നൽകിയ ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷനിലൂടെ വിവിധ സന്നദ്ധ-ശാസ്ത്രഗവേഷണസ്ഥാപനങ്ങൾക്ക് വൻതുകകൾ സംഭാവന നൽകുന്നു.



ബ്രിട്ടീഷുകാരനായ ഒരു ഗണിത ശാസ്ത്രജ്ഞനും കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും ചിന്തകനുമായിരുന്ന **ചാൾസ് ബാബേജ്** (26 ഡിസംബർ 1791 – 18 ഒക്ടോബർ 1871) [1] കമ്പ്യൂട്ടറുകളുടെ പിതാവായാണ് അറിയപ്പെടുന്നത്.[2] 1821 ൽ ഡിഫറൻസ് എഞ്ചിൻ എന്ന ഉപകരണത്തിന്റെ രൂപരേഖ വികസിപ്പിച്ചു.ഇന്നത്തെ കമ്പ്യൂട്ടറിൻറെ ആദ്യകാല രൂപമായി കരുതപ്പെടുന്ന അനാലിറ്റിക്കൽ എഞ്ചിൻഎന്ന ഉപകരണത്തിൻറെ ആശയം കൊണ്ടുവരുന്നത് 1831 ൽ ആണ്.

16



ആധുനിക കമ്പ്യൂട്ടർ ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ആംഗലേയ ഗണിതശാസ്ത്രജ്ഞനാണ് **അലൻ മാതിസൺ ട്യൂറിംഗ്** (23 ജൂൺ 1912 - 7 ജൂൺ 1954) . ഒരു ബ്രിട്ടീഷ് ഗണിത ശാസ്ത്രജ്ഞനായിരുന്നു. രഹസ്യ ഭാഷയിലുള്ള സന്ദേശം ചോർത്താനായി ക്രിപ്റ്റോഗ്രാഫി" സംവിധാനങ്ങൾ വികസിപ്പിച്ചു. അൽഗൊരിഥം എന്ന ആശയം കൊണ്ടുവന്നത് ട്യൂറിംഗാണ്. കമ്പ്യൂട്ടറുകളുടെ ബുദ്ധി അളക്കാൻ "ട്യൂറിംഗ് ടെസ്റ്റ്" എന്നൊരു പരീക്ഷണം നിർദ്ദേശിച്ചു.അതു വഴി *ആർട്ടിഫിഷ്യൽ ഇന്റലിജൻസ്* എന്ന നൂതന കമ്പ്യൂട്ടർ ശാഖക്ക് തുടക്കമായി.

അദ്ദേഹം വികസിപ്പിച്ച ടൂറിങ് യന്ത്രത്തിന്റെ(Turing Machine) ചുവടുപിടിച്ചാണ് കമ്പ്യൂട്ടർ ശാസ്ത്രത്തിൽ രീതിവാദത്തിന്(formalism) തുടക്കംകുറിച്ചത്. ഇദ്ദേഹത്തിന്റെ നാമധേയത്തിൽ നൽകിവരുന്ന ടൂറിങ് പുരസ്കാരം കമ്പ്യൂട്ടർ ശാസ്ത്രത്തിലെ നോബൽ സമ്മാനമായറിയപ്പെടുന്നു.


അദ്ദേഹത്തിന്റെ അച്ഛൻ ജൂലിയസ് മാത്തിസൺ ടൂറിങ് ഇന്ത്യൻ റെയിൽവെയിൽ ഉദ്യോഗസ്ഥനായിരിക്കുന്ന കാലത്താണ് അലന്റെ ജനനം. അമ്മ സാറയുടെ അച്ഛനും ഇന്ത്യൻ റെയിൽവെയിൽ ഉദ്യോഗസ്ഥനായിരുന്നു.

അലൻ ട്യൂറിംഗ് ഒരു സ്വവർഗ്ഗാനുരാഗിയായിരുന്നു.



അമേരിക്കയിലെ ഒരു കമ്പ്യൂട്ടർ ശാസ്ത്രജ്ഞയും നാവികസേനാ ഉദ്യോഗസ്ഥയുമാണ് **ഗ്രേസ് മുറേ ഹോപ്പർ.** (ഡിസംബർ 9, 1906 – ജനുവരി 1, 1992) ഹാർവാർഡ് മാർക്ക് 1 കാൽക്കുലേറ്ററിന്റെ ആദ്യ പ്രോഗ്രാമർമാരിൽ ഒരാളാണ്. ഒരു കമ്പ്യൂട്ടർ ഭാഷക്കായുള്ള കംപൈലർ ആദ്യമായി വികസിപ്പിച്ചെടുത്തത് ഇവരാണ്. ഹോപ്പറുടെ നേട്ടങ്ങളുടെ വ്യാപ്തിയും നാവികസേനയിലെ സ്ഥാനവും മൂലം അവർ "അമേസിങ് ഗ്രേസ്" എന്ന പേരിലും അറിയപ്പെട്ടു.


COBOL എന്ന പ്രശസ്തമായ കമ്പ്യൂട്ടർ ഭാഷയുടെ സ്രഷ്ടാവാണ് **ഗ്രേസ് മുറെ ഹോപ്പർ** എന്ന കമ്പ്യൂട്ടർ ശാസ്ത്രജ്ഞ. Mark I എന്ന ആദ്യകാല കമ്പ്യൂട്ടറിന് വേണ്ടി പ്രോഗ്രാം എഴുതിയ മൂന്നാമത്തെ ആളാണ് ഹോപ്പർ UNIVAC ന്റെ വികസനത്തിലും FLOW MATIC എന്ന ആദ്യകാല കമ്പ്യൂട്ടർ ഭാഷയുടെ വികസനത്തിലും പ്രധാന പങ്ക് വഹിച്ചു. By:johny KJ



## മഹദ് വചനങ്ങൾ




⇉ നമ്മുടെ ഓരോ തോൽവിയും ഭാവി വിജയത്തിന്റെ സ്തംഭങ്ങളാണ് - ജവഹർലാൽ നെഹ്റു



⇉ ഒരിക്കലും സ്വന്തം നിർഭാഗ്യത്തിൽ നിരാശപെടുകയോ മറ്റുള്ളവരുടെ വിജയത്തിൽ അസൂയപ്പെടുകയോ ചെയ്യരുത് - തോമസ് ആൽവാ എഡിസൺ

⇉ നിരന്തരമായി പരിശ്രമിക്കുക.എന്നെങ്കിലുമൊരിക്കൽ അവസരങ്ങൾ നിങ്ങളെ തേടി വരിക തന്നെ ചെയ്യും -



എബ്രഹാം ലിങ്കൺ

⇉




ശാന്തമായ മനസാണ് ശരീരത്തിന് ആവശ്യമുള്ള ഏറ്റവും ഫലപ്രദമായ മരുന്ന് -


നെപ്പോളിയൻ

⇉ എത്രമാത്രം വിനയമുള്ളവനാകുന്നോ അത്രമാത്രം നിങ്ങൾ വലിയവനാകുന്നു -

രവീന്ദ്രനാഥ് ടാഗോർ



⇉ വിളകൾ വളർത്തിയെടുക്കുക എന്നത് മാത്രമല്ല കൃഷി ; സംസ്കാര സമ്പന്നരായ ഒരു ജനതയെ വാർത്തെടുക്കുക കൂടിയാണിത് - മസനോബു ഫുക്കുവോക്ക




by: Arya



# DIGITAL PAINTING

18



19

<u>പുണ്യം</u>



അമ്മ എന്ന പുണ്യം

നന്മ എന്ന 'അമ്മ
ആദ്യമായ് നാവിൽ
ഉയർന്ന ശബ്ദം
'അമ്മ എന്നെ പുണ്യം

അമ്മയാം സ്നേഹത്തിൻ ഉറവിടം
തൻ ജീവിത മാർഗ്ഗമാം 'അമ്മ
'അമ്മ തൻ നെഞ്ചിലെ മാണിക്യം
'അമ്മ എന്ന പുണ്യം

സ്നേഹത്തിൻ നറു ചൈതന്യം
തൂകുന്ന  പുണ്യം
വാത്സല്യം കോരി നിറയ്ക്കും പുണ്യം
'അമ്മ എന്ന പുണ്യം

By,
Alfa cherian





**<u>പ്രളയം</u>**

പ്രകൃതിരമണീയമായ ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. ഉദയാസ്തമയങ്ങളുടെ ഹൃദയഹാരിതയും,പുണ്യ തീർത്ഥങ്ങളുടെ പരിപാവനതയും ഒത്തുചേർന്ന ഭൂമിയിലെ മനോഹാരിത.അതെ അതാണ് നമ്മുടെ കേരളം.

എന്നാൽ നാം ഓരോരുത്തരുടെയും വികൃതി കാരണം കേരളം ദുരിതം അനുഭവികേടി വന്നു.പ്രകൃതിയോട് വികൃതി വേണ്ട എന്ന് മലയാളി പഠിച്ച നാളുകൾ.കേരളം ജനത കണ്ടതിൽ വെച്ച് കരകാണാ ദുരിതം "പ്രളയം ".കണ്ണീർ കടലിലായിരുന്നു നാം ഓരോരുത്തരും.എല്ലാം നഷ്ടപെട്ട കാലം.ഭൂമിയൊന്നു ചുമലുകുലുക്കി നിന്നാൽ തീരാവുന്നതേ ഉള്ളു നമ്മുടെ ജീവിതം എന്ന് മനുഷ്യൻ മനസിലാക്കിയ നിമിഷങ്ങൾ ......................................................

എന്നിരുന്നാലും നാം മഹാപ്രളയത്തെ അതിജീവിച്ചു.കോർത്തുകോർത്തുപിടിച്ച ഒരായിരം കരങ്ങളാൽ നാം രക്ഷപെട്ടു .ഏവരും പുച്ഛിച്ചു തള്ളിയ മൽസ്യത്തൊഴിലാളികളുടെ സഹായം എടുത്തു പറയേണ്ടത് തന്നെയാണ്.ഉണ്ണും ഉറക്കവും ഇല്ലാതെ പരിശ്രമിച്ച യുവതലമുറയെ നാം കാണുവാൻ ഇടയായി.ആരൊക്കെ എത്രയൊക്കെ ഭിന്നിപ്പിച്ചാലും പ്രകൃതി നമ്മെ ഒന്നിപ്പിക്കും എന്ന് നാം പഠിച്ചു.സ്നേഹവും സാഹോദര്യവും എന്താണ് എന്നും നാം കാട്ടിക്കൊടുത്തു.മലയാളികൾ കരുത്തർ ആണെന്നു നാം തെളിയിച്ചു.

പ്രകൃതി പഠിപ്പിച്ച മനോഹര പാഠം അതാണ് പ്രളയം.പ്രകൃതിയെ മനസിലാക്കി അതിനോട് ഇണങ്ങി ജീവിക്കുവാൻ ഇനിയെങ്കിലും നമുക്ക് പരിശ്രമിക്കാം.      By :Navya Saji





ഇനിയെത്രനാൾ മാത്രമീ കലാലയമുറ്റത്തു നാമൊത്തുച്ചേരും
ഇനിയെത്രനാൾ മാത്രമി   നക്ഷത്രമുത്തുകളൊത്തുവാഴും
ഏകരായീ മാറുവാൻ വയ്യെന്നാലും
ഏകാരനുമി ജിവിതത്തിൽ
ഒരു നുറുകാര്യങ്ങൾ  ഓതുവാൻ   ഉണ്ടെനിക്കൊരു
നൂറു ദിനങ്ങൾ മാത്രം ബാക്കി

ഓരോന്നുമിനിയൊന്നു ചേർന്നില്ലൊ
ഒരോണത്തുമ്പിയെ  പിടിക്കാനും ഇല്ല
ഓണ വെയിലു വരുനേരമൊന്ന് ഓടിക്കളിച്ചു നടക്കാനാരുമില്ല

കഴിഞ്ഞകാലത്തിൽ എന്നുടെ ഓർമ്മകൾ
നീന്തിതുടിചോരി കലാലയത്തിൽ
നീ എത്രനാൾ മാത്രമൊന്നും ചേർന്നുമി
യാരുമയാം സ്നേഹിതരോടൊത്തു വാഴും

ഇനി മറ്റൊരു നാട്ടിൽ മറ്റൊരു കൂട്ടായ്മാ
ഓർമകൾതൻ ചിറകേറി നാം
ഓർമ്മകൾ ചികഞ്ഞു നടക്കവേ
ഓർത്തുപോം ഈ കലാലയ ജീവിതത്തെ

By: Alfa Cherian



# ***Indian techies head of multi-national company's***

## ***Satya nadella***




Satya Naryana Nadella more commonly known as Satya Nadella was named Microsoft’s Chief Executive Officer (CEO) in 2014. The

title came to him after working for more than two decades at the multinational technology company. The Hyderabad born electrical engineer played a major role in shifting the company to Cloud Computing. He was the Executive Vice President of Microsoft's Cloud and Enterprise group and was responsible for building and running the company's computing platforms, developer tools and computing services. He is a successor to Steve Ballmer at the tech-giant.

## ***Sundar pichai***



Pichai Sundarajan better known as Sundar Pichai is the CEO of Google Inc. Born in Tamil Nadu, Pichai earned a degree in engineering from the Indian Institute of Technology in Kharagpur, West Bengal. He joined the company in 2004 and led the roll out of chrome and oversaw some of its key apps such as Gmail and Maps. Formerly Product Chief at Google, Pichai positioned into his current role on August 10, 2015 as part of a restructuring process which made Alphabet Inc. Google's parent company.

## ***Ajay singh binga***

Ajaypal Singh Bang a is the President and the CEO to the American multinational, MasterCard. He began his duties for the financial services provider on July 1, 2010. He works closely with the U.S. India Business Council (USIBC), Council on Foreign Relations and the World Economic Forum. He is a graduate in Economics from St. Stephen's College of Delhi University and an alumnus of the Indian Institute of ManagementAhmedabad. In2016, the Government of India conferred him with Padma shri fourth highest civilian award of the nation

## ***Rajeev suri.***




The Finnish communications and IT company, Nokia has New Delhi born Rajeev Suri as its CEO. Suri has had various positions in the company since 1995 and became the CEO of the multinational company when it completed the sale of its phone division to Microsoft Mobile. He was the CEO of Nokia Solutions and Networks earlier. He studied engineering at Manipal Institute of Technology and is one of the rarest corporate leaders to be at such a position without holding a masters degree. He is now based in Espoo, Finland, where Nokia headquarters is.

## ***Indra nooyi***



PepsiCo, Inc., the American food and beverage giant has Chennai born Indra Krishnamurthy Noyes as its CEO. She has a Bachelors degree in sciences and a Post-Graduate Diploma in management from the Indian Institute Of Management. She went to Yale to earn a master's degree in Public and Private Management. Nooyi joined Pepsi Co in 1994 and was named its CFO in 2001 and CEO in 2006. Forbes magazine has consistently added her in their list of the world's 100 most powerful women and she has various similar awards to her name. She was elected as the chairwoman of the U.S. India Business Council (USIBC) and leads its Board of Directors.



By Arya s

## Tips to strengthen your willpower



+Smile when you would rather frown.
+Say a gentle word when you would rather speak unkindly.
+Do a kind deed,be it ever so simple,when you would rather take your case .
+Think a good thought when you would rather not be thinking at all
+See some thing beautiful in every disagreeable task.
+Speak only good words about those who are in your path.

***By:*** *JITTO SEBASTIAN*


# സൗഹൃദം



സൗഹൃദം എനിക്ക് നിലാവ്
പോലെ കുളിർമ്മയുള്ള
ഒരനുഭവമാണ്

തണൽമരങ്ങളുടെ ഇടവഴിയിലും ഇരുളിമ തങ്ങിയ ഇടനാഴിയിലും 25 സുഖശീതളതയിൽ മയങ്ങിക്കിടക്കുന്ന സന്തോഷിപ്പിലുമെല്ലാം സൗഹൃദം നിറഞ്ഞു നിൽക്കുന്നു.വ്യഥയുടെ കാണാക്കയങ്ങളിലും ഈശ്വരൻ മനുഷ്യനുവേണ്ടി കാത്തുവച്ച നിധിയാണ് സൗഹൃദം.അതിർവരമ്പുകൾ ക്കും നിർവചനങ്ങൾക്കുംഅപ്പുറമാണ് സൗസൃദം.പെയ്യൊഴിഞ്ഞ സങ്കടക്കടലിനക്കരെ തീരത്ത് മൃദുവായ ചാറ്റൽമഴയാണ് സൗഹൃതം.ചിരിക്കുമ്പോൾ കൂടെ ചിരിക്കുന്നതും കരയുമ്പോൾ കൂടെ കരയുന്നതുംമാത്രമല്ല സൗഹൃദം.ഹൃദയത്തിന്റെ തേങ്ങലാണ് സൗഹൃദം.മനസിന്റെ വിങ്ങലാണ് സൗഹൃദം.ഉള്ളിന്റെ ഉള്ളിൽ നിന്നുവരുന്ന സ്നേഹത്തിന്റെ പനിനീർച്ചോലയാണ് സൗഹൃദം.തിരിഞ്ഞു നോക്കാതെ സൗഹൃദ ഹസ്തം നീട്ടുന്ന മനസാണ് സൗഹൃദം.ലോകംമൊത്തം തള്ളിപറയുമ്പോഴും ചേർത്തുപിടിച്ചാശ്വസിക്കുന്ന സ്നേഹമാണ് സൗഹൃദം.മനസ്സിൽ മായാത്ത ഓർമയാണ് സൗഹൃദം.ജീവിതമാകുന്ന നൂൽപ്പാലത്തിലെവിടെയോ കണ്ടെത്തുന്ന കൈത്താങ്ങാണ് സൗഹൃദം.ഓരോ മനുഷ്യനും എന്നെന്നും തന്റെ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന ഗൃഹാതുരത്വമാണ് സൗഹൃദം.ആരുടെ കണ്ണിലൂടെയാണോ ഞാൻ എന്റെ മുഖം കാണുന്നത്,ആരുടെ വാക്കിലൂടെയാണോ ഞാൻ എന്റെ സ്വരം കേൾക്കുന്നത്,അവരാണ് എന്റെ സുഹൃത്തുക്കൾ.

ജോഷ്വാ വർഗ്ഗീസ്




1 .കമ്പ്യൂട്ടറിന്റെ  പിതാവ് ആര് ?

ഉ : ചാൾസ് ബാബേജ്

2 .കമ്പ്യൂട്ടർ കണ്ടുപിടിച്ച  വർഷം ?

ഉ :1 8 5 3

3. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ഐ.എസ് .പി ഏത് ?

ഉ :സത്യം കംപ്യൂട്ടേഴ്സ്

4 .ഇന്തോനേഷ്യയിലെ ഒരു ദ്വീപിന്റെ പേരിലുള്ള കമ്പ്യൂട്ടർ ഭാഷയുടെ പേരെന്ത് ?

ഉ: ജാവ

5. കമ്പ്യൂട്ടർ കണ്ടുപിടിച്ച രാജ്യക്കാർ ഏത് ?

ഉ : ബ്രിട്ടൻ

6 .ഇന്റർനെറ്റിന്റെ പിതാവ് ആര് ?

ഉ :വിന്റൺ സർഫ്

7.ഏത് കമ്പിനിയാണ് ആദ്യമായി മൗസ് പ്രചാരത്തിൽ കൊണ്ടുവന്നത് ?

ഉ :ആപ്പിൾ കോർപറേഷൻ

8 .ലാനിന്റെ പൂർണരൂപം ഏത് ?

ഉ:ലോക്കൽ ഏരിയ നെറ്റ്വർക്ക്

9 .സി .ഡി.റോം.കണ്ടുപിടിച്ച വർഷം ?

ഉ:1 9 8 3

10.എട്ട് ബിറ്റുകളുടെ ഒരു കൂട്ടത്തെ പറയുന്ന  പേരെന്ത് ?

ഉ:ബൈറ്റ്

11 .ഇന്ത്യയിലെ  ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടർ  ഏത് ?

ഉ :പരം

12 .കാഡിന്റെ പൂർണരൂപമെന്ത് ?

ഉ:കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ

13 .ഒരു കളർമാത്രം  ലഭിക്കുന്ന മോണിറ്റർ  ഏത് ?

ഉ: മോണോക്രോം മോണിറ്റർ

14 .യുണിക്സ്  വികസിപ്പിച്ചെടുത്തതാര് ?

ഉ: ബെൽ ലാബോറട്ടറീസ്

15. എന്താണ് ഡോക്ടർ സോളമൻ?

ഉ; ഒരു ആന്റി വൈറസ് സോഫ്റ്റ്‌വെയർ

27

16 .വിവരങ്ങൾ അയക്കുവാനും സ്വികരിക്കാനും കഴിയുന്ന വേഗത അറിയപെടുന്നത് ?

ഉ;ട്രാൻസ്മിഷൻ സ്പീഡ്

17. ഒരു സമയം ഒരു വരി അച്ചടിക്കുന്ന  പ്രിന്റർ ?

ഉ; ലൈൻ പ്രിന്റർ

18. ഒരു കമ്പ്യൂട്ടർ ചെയ്യുന്ന പ്രവർത്തിയെ പറയുന്നത് ?

ഉ; ഡാറ്റ പ്രോസസ്സിങ്

19 .വേൾഡ് വൈഡ് വെബ് സ്ഥാപിച്ചത് ?

ഉ; ടിം ബെർണേഴ്സ് ലി

20. മൈക്രോഡിസ്കിന്റെ മറ്റൊരുപേര് ?

ഉ; ഫ്ലോപ്പി ഡിസ്ക്

21. അച്ചടിക്കാനുള്ള വിൻഡോസ് സംവിധാനം അറിയപ്പെടുന്നത് ?

ഉ; ഗ്രാഫിക്സ്

22 . പുതിയ ഫയലുകൾ രൂപീകരിച്ച ഒരു കമ്പ്യൂട്ടർ ഡേറ്റാ ഫയർ അറിയപ്പെടുന്നത് ?

ഉ: ഗ്രാൻഡ് ഫാദർഫയൽ

23. കമ്പ്യൂട്ടർ സ്ക്രീനിൽ ഒരുസമയം കാണപ്പെടുന്ന വരികളുടെ എണ്ണം ?

ഉ: 24

24. സൂപ്പർ കമ്പ്യൂട്ടറുകൾക്ക് ഒരു സെക്കൻഡിൽ എത്ര ഗണിതക്രിയകൾ വരെ ചെയ്യാൻ കഴിയും ?

ഉ: 220 കോടി

25.ഒരു കമ്പ്യൂട്ടർ പ്രവർത്തനത്തിലേക്ക് കൊണ്ടുവരുമ്പോൾ ഓപ്പറേറ്റിംഗ് സിസ്റ്റം തുടങ്ങി വയ്ക്കുന്ന റോം പ്രോഗ്രാം ?

ഉ:ഓട്ടോ ലോഡർ.

By Nithin varghese

## ജീവിതം 28




ഞാനെന്നൊ നീയെന്നൊ
അറിയാതെ പോയൊരാൾ
എന്നിലെ ജീവിതത്തിന്റെ മൊഴി.

ഓരോരൊ നന്മയും തിന്മയും നമ്മിലെ
ജീവിതഭാരത്തിലുള്ളവയല്ലയൊ
തന്നിലെ  ജീവിതം ഒറ്റനൂറ്റാണ്ടിനാൽ
ജീവിച്ചു തീർക്കുവാനുള്ളതല്ല ........
സന്തോഷമെന്നതിൽ കഴിയത്തത്പ്പുറം,
സങ്കടമെന്നതൊ ഉള്ളിൽ നിറഞ്ഞിടും..
നമ്മിലെ സന്തോഷസങ്കടമെന്നതൊ ?

ജീവിതഭാരത്തിൽ ഉൾപ്പെടും നമ്മിലായ്....
'ജീവിതം' ജീവിതം എത്രയോ മാഹാത്മ്യം.

By

Noble Joseph

29



സ്നേഹം

ഈ ഭൂമിയിൽ പണം മുടക്കാതെ മറ്റുള്ളവർക്കു നല്കുവാനും അവരിൽ നിന്നു നേടുവാനും കഴിയുന്ന ഒന്നാണ് സ്നേഹം.മറ്റുള്ളവരാൽ സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കാത്ത ആരും ഈ ലോകത്തിൽ ഉണ്ടാവില്ല.സ്നേഹം ദൈവം നമുക്കു നൽകിയ ഒരു വലിയ ദാനമാണ്.പണത്തിനും മറ്റു സ്വാധീനങ്ങൾക്കും


വിജയിക്കാൻ സാധിക്കാത്തിടത്ത് സ്നേഹത്തിന് വിജയം


ഉറപ്പാണ്.സ്നേഹമാണഖില സാരമൂലിയിൽ എന്ന വാക്യം ഇതു വ്യക്തമാക്കിത്തരുന്നു.പണവും പ്രതാപവും മറ്റെല്ലാസുഖസൗകര്യങ്ങളും ഉണ്ടെങ്കിലും ഒരുവനെ സ്നേഹിക്കാൻ ആരുമില്ലെങ്കിൽ അവലുള്ളതെല്ലാം വ്യർത്ഥമാണ്.ഏതൊരു മനുഷ്യനെയും നല്ല വഴിയിലേക്കു നയിക്കാൻ സ്നേഹത്തിനുസാധിക്കും.ഉദാഹരണത്തിനു നാം മറ്റുള്ളവരോടു വളരെ ദേഷ്യത്തോടെ പെരുമാറുകയാണെന്നു കരുതുക.അവർക്കും നമ്മോട് ദേഷ്യമായിരിക്കും.മറിച്ച് ഒരു വ്ക്തിയോട് സ്നേഹമായി പെരുമാറിയാൽ അയാളും നമ്മോട് സ്നേഹമായി പെരുമാറും.മനുഷ്യൻ മാത്രമല്ല മൃഗങ്ങൾ പോലും സ്നേഹമാണ് ആഗ്രഹിക്കുന്നത്.സ്നേഹമില്ലാത്തിടം തുക തുല്യമാണ്.





by: ജഗൻ ജി നായർ






പടിയിറങ്ങുന്ന  നേരത്ത്
പിറകിലായി
വിരിയുമറവിന്റെ
ഉറവയാണമ്മ
തൊടികൾ  തോറും പ്രകാശം
പരത്തുന്ന
നെടിയ നേരിന്റെ നാളമാണമ്മ
ഹിമകണങ്ങളെ പുൽകും ജനുവരി -
പ്പുലരി പോലെ സുഭഗയാണമ്മ
ഹിമവിശുദ്ധിപോൽ ശുദ്ധയാണമ്മ
ഇരുൾ വിഴുങ്ങുന്ന വീഥിക്ക്ചാരെ
മിഴിചുരത്തും  പ്രകാശമാണമ്മ
രുദ്രവീണതൻ തന്ത്രികൾ മീട്ടുന്ന
ഭാവ ബന്ധുര  സംഗീതമമ്മ
ഭദ്രയായി ജ്വലിപ്പവളമ്മ
ശാന്തയായി  സഹിക്കുവോളമ്മ .









Printer
puts text and images from the computer onto paper
Monitor
displays information on a screen
Case
contains the brains of your computer that processes information, including the central processing unit (CPU) and other parts
Keyboard
a device for typing letters, numbers, and symbols into the computer
Mouse
a hand-held device for moving a cursor around the screen
Modem/Router
sends a network signal to the computer; used to connect many computers to the network or the Internet
Super Teacher Worksheets www.superteacherworksheets.com





| | | |
|---|---|---|
| CPU Cooler<br>CPU<br>RAM<br>Motherboard<br>Graphics Card<br>5.25" Bays<br>PSU<br>Hard Drive<br>3.5" Bays |  |  |
| | | |





# Computer Parts!










Drive bays
(CD, DVD and
Hard Drive)
Power Supply
Graphics, Sound,
& Network Cards
Peripherals
Back USB
Connectors
RAM
Front USB
& Audio
Connectors
Heat Sink
Assembly
Modem
Router
CPU
Mother Board


MUMBAI
All Images are Protected by © Copyright Act
COMPUTER PARTS
CHART NO. 134
www.spectrumchart.com
CPU
KEYBOARD
MOUSE
DESKTOP
MONITOR
HEADPHONES
WEBCAM
HARDWARE
HARD DISK
MOTHER BOARD
POWER SUPPLY UNIT
POWER CABLE
GRAPHIC CARD
WIRELESS ROUTER
SD CARD
PEN DRIVE
EXTERNAL HARD DISK
STORAGE DEVICES
SCANNER
PRINTER
INK CARTRIDGE
LAPTOP
TABLET
CD / DVD
DVD DRIVE
ROUTER
SPEAKERS
PLOTTER
GRAPHIC TABLET
SERVER ROOM
APPLICATION SOFTWARE

33


Personal computer system
monitor
computer tower
inkjet printer
external
speaker
laser printer
computer
internal
layout
keyboard
scroll wheel
left click
right click
hard drive
mouse
components
of mouse
© 2003 Encyclopædia Britannica, Inc.



34

By Adhithya.R

## നല്ല കൂട്ടുകാരൻ

മഹാ സൂത്രക്കാരനായിരുന്നു കില്ലൻ കൊക്ക്. ഒരു ദിവസം അവൻ പറന്നു പോകുമ്പോൾ ഒരു കുളം  കണ്ടു . കുളത്തിൽ തടിച്ചുകൊഴുത്ത കുറെ മീനുകൾ നീന്തിനടക്കുന്നുണ്ടായിരുന്നു. അയ്യടാ,അവരെ പിടിച്ചുതിന്നണം കില്ലൻ വിചാരിച്ചു. കില്ലൻ വേഗം കുളക്കരയിൽച്ചെന്ന് കണ്ണടച്ച് അനങ്ങാതെനിന്നു. രക്ഷപ്പെട്ടോ ,കൊക്ക് നമ്മെ പിടിച്ചുതിന്നും .മീനുകൾ പേടിച്ച് ചെടികളുടെയും കല്ലുകളുടെയും ഇടയ്ക്ക് ഒളിച്ചിരുന്നു. മീനുകളുടെ കൂട്ടുകാരനായ കോമു കുരങ്ങൻ അടുത്തുള്ള തെങ്ങിലിരുന്ന് ഇത് കാണുന്നുണ്ടായിരുന്നു. മീനുകളെ രക്ഷിക്കണം കോമു

വിചാരിച്ചു. കോമു  വേഗം ഒരു തേങ്ങ പറിച്ച് കുളത്തിലേക്ക് എറിഞ്ഞു . എന്നിട്ട് വിളിച്ച് പറഞ്ഞു. അയ്യോ .........തെങ്ങ് ഓടിഞ്ഞ് കുളത്തിലേക്ക് വിഴുന്നേ........ പേടിച്ചുപോയ കില്ലൻ കണ്ണുപോലും തുറക്കാതെ പറ പറന്നു .

ഏത്  ആപത്തിലും സാഹായിക്കുന്നതാണ് നല്ല കൂട്ടുക്കാരൻ . മീനുകൾ കുരങ്ങച്ചന് നന്ദി  പറഞ്ഞു .

By Jitto sebastian



## ശിഷ്യന്റെ  പ്രണാമം



അക്ഷരലോകത്തിൻ  വിസ്മയ
പ്രപഞ്ചത്തിലേയ്ക്കാദ്യമായി
എന്നെ കൈപിടിച്ചുയർത്തിയ
ഗുരോ , അങ്ങയി  എളിയ  ശിഷ്യൻ
തൻ  പ്രണാമം  സ്വികരിച്ചാലും .
പിച്ചവെച്ച്നടന്ന എൻ കാലുകൾക്കു

ശരവേഗമെന്ന കൈവന്ന ,
വഴുതി   വീഴുന്നേരവും ,വേച്ചുനിൽക്കും
നേരവും , കഴിയുകയില്ലെന്ന കരയുമ്പോഴും ,
നിന്നാൽസാദ്ധ്യമൊന്നുമില്ലെന്നോതിയെന്നെ

ഈ വിസ്മയ പ്രപഞ്ചത്തില്ലെത്തിച്ച ഗുരോ
അങ്ങുത്തന്നെയെൻ അവസാനവാക്ക്
അറിവിന്റെ  അദ്ഭുതവെളിച്ചം
വീശുന്ന നേരമെപ്പൊഴും
അങ്ങയെ ഞാൻ സ്മരിക്കുന്ന .

By Ashwin Renjith



# READING BOOKS



Books are best companions
As well as our teachers
We listen to them and talk to them
Escape from the loneliness
Books are our guide
journey through the world and space.

After all instructions and advice
Help us make good character.
Enrich our mind with knowledge
Fill our mind with pleasure
Help us to forget the sorrow
And refresh the mind with joy.
Books are our best friends,
Transports us to the past,
Present and to the future
They help us to know about
The world around us
By sitting in our home.

By Noel Jimmy



# quotes
















































**BY JERIN THOMAS**

**38**

# HDMI(high definition multimedia interface)

ഒരു ഹൈ ഡഫനിഷൻ സോഴ്സിൽ നിന്ന് അൺകംപ്രസ്ഡ് വീഡിയോ ,ഡാറ്റാകംപ്രസ്ഡ് അല്ലെങ്കിൽ അൺകംപ്രസ്ഡ് ഓഡിയോ ഡാറ്റാ ഇവയെ കമ്പ്യൂട്ടർ മോണിറ്റർ,വീഡിയോ പ്രൊജക്ടർ,ഡിജിറ്റൽ ടെലിവിഷൻ,ഡിജിറ്റൽ ഓഡിയോ സിസ്റ്റം ഇവയിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ഇന്റർഫേസാണ് HDMI .ഇതിലേക്ക് 19 പിന്നുകളാണുണ്ടാവുക .

ബ്ലൂ-റേ  ഡിസ്കുകൾ ,ഹൈ ഡഫനിഷൻ DVD ഇവയിൽ നിന്നുള്ള ഹൈ ഫെസിലിറ്റി ഓഡിയോ ലഭ്യമാക്കാൻ

HDMI കൾ അത്യാവിശ്യമാണ് .പുതിയ HDMI കൾ 3D വിഡിയോകളെയും കൈമാറ്റം ചെയ്യും. ഇന്നത്തെ ഡിജിറ്റൽ ക്യാമറകളിൽ ടൈപ്പ്.സി മിനി HDMI കണക്ടറുകളുണ്ട്.

BY- Jerin Thomas



# മലയാണ്മയുടെ  ലോകം



"കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ
ഇവിടെ പിറക്കുന്ന കാട്ടുപുല്ലിലും ഉണ്ട്
ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും

ഇവിടെകിടക്കുന്ന കാട്ടുകല്ലിലും ഉണ്ട്
വിവിധ സനാതന ചൈതന്യ പ്രതീകങ്ങൾ
അറിവും സംസ്കാരവും മേൽക്കുമേൽ ഒഴുകുന്നോ
അറിവിൻ നികേതമാണി സ്ഥലം പുരാതന "

by:Mathew Sebastian

**40**



# യു.എസ്.ബി-U.S.B(universal serial bus)

ഇന്ന് ഏറ്റവുമധികം പ്രചാരത്തിലുള്ള പോർട്ടാണ് യൂ.എസ്.ബി പോർട്ട് കീബോർഡ് ,മൗസ് ,പ്രിന്റർ ,ഡിജിറ്റൽ ക്യാമറ ,ഡിസ്ക് ഡ്രൈവുകൾ ,സ്മാർട്ട് ഫോൺ ,തുടങ്ങി ഒട്ടേറെ ഉപകരണങ്ങളെ കംപ്യൂട്ടറുമായി ബന്ധിപ്പിക്കാൻ യൂ .എസ്.ബി പോർട്ടുകൾ ഉപയോഗിക്കാറുണ്ട് . മാത്രമല്ല യൂ.എസ്.ബി പോർട്ടുകൾ പവർ ചാര്ജറുകളായും ഇന്ന് ഉപയോഗപ്പെടുത്താറുണ്ട് .



പൊതുവെ പെൻഡ്രൈവ് എന്ന് അറിയപ്പെടുന്നത് യൂ .എസ്.ബി  ഡ്രൈവുകളാണ് . യൂ .എസ് .ബികൾ വിവിധ രീതിയിലുണ്ട് .

ടൈപ്പ് എ ,ടൈപ്പ് ബി ,മിനി എ ,മിനി ബി ,മൈക്രോ എ ,നിക്രോ ബി ,തുടങ്ങിയവ ഉദാഹരണം. ഇതിലധികവും ചതുരാകൃതിയിലാണ് . എന്നാൽ ചിലതിന് ഏതാണ്ട് സമചതുരാകൃതിലാണ് . പോസിറ്റീവ് വോൾടേജ് ,നെഗറ്റീവ് വോൾടേജ് ,പോസിറ്റീവ് ഡേറ്റ ഇവയുടെ കൈമാറ്റത്തിനായുള്ള ചാനലുകൾ യൂ.എസ്.ബി യുടെ അകത്തുണ്ടാവും .യൂ .എസ് .ബി യിൽ വിവരങ്ങൾ കൈമാറ്റം ചെയുന്നത് പാക്കറ്റുകളുടെ രൂപത്തിലാണ് .1996 ലാണ് യൂ.എസ്.ബി കമ്പ്യൂട്ടർ മേഖലയിലേക്ക് കടന്നുവന്നത് . അന്നുമുതൽ യൂ.എസ്.ബിയുടെ ഡേറ്റാ വിനിമയ നിരക്കിൽ വമ്പിച്ച പുരോഗതിയാണ് ഉണ്ടായിട്ടുള്ളത് .

By- JAGAN G NAYAR

42

# FIRE WIRE PORT



ആപ്പിൾ കമ്പിനി അവതരിപ്പിച്ച പോർട്ടാണ് ഫയർ വയർ പോർട്ട്. വളരെ വലിയ ഡാറ്റയെ വേഗത്തിൽ കമ്പ്യൂട്ടറിലേക്ക് കൈമാറ്റം  ചെയ്യാൻ ഉപയോഗിക്കുന്ന പോർട്ടുകളാണ് ഫയർ വയർ പോർട്ട്. വീഡിയോ ഉപകരണങ്ങൾ , ക്യാമറകൾ എന്നിവ കംപ്യൂട്ടറുമായി ബന്ധിപ്പിക്കാൻ ഫയർ വയർ പോർട്ടുകൾ ഉപയോഗിക്കുന്നു.ഒരേ സമയം ഒരു ബിറ്റ് എന്ന നിരക്കിൽ ഡാറ്റാ കൈമാറ്റം ചെയുന്ന സീരിയൽ ബസ് ആണ് ഫയർ വയറുകൾ

ഫയർ വയർ കോണ്ടുക്ടറുകൾ 3 തരത്തിലുണ്ട് .400 കണക്ടർ ,സിക്സ് പിൻ ഫയർ വയർ 400 കണക്ടർ ,ഒൻപതു പിന്നുള്ള ഫയർ വയർ 800 കണക്ടർ .

By- Jerin Thomas



## <u>പ്രളയ പാഠങ്ങൾ</u>



എന്താണ്  സ്നേഹം  എന്ന്
മനസ്സിലാക്കിത്തരാൻ കേരള നാട്ടിൽ വന്ന
ഒന്നാണ് മഹാ  പ്രളയം
ദൈവത്തിന്റെ  സ്വന്തം  നാട്ടിൽ
ജാതിമതവിത്യാസമില്ലന്നു  തെളിയിച്ചു
നമ്മുടെ  ജനതകൾ
ഒരായിരം  കൈകൾ കോർത്തുകോർത്ത്

പിടിച്ച് . ദുഃഖങ്ങൾ  മറന്ന് ജീവിച്ചൊരാ
ദിനരാത്രങ്ങൾ
മുറിവേറ്റ മനസ്സുകൾ കലങ്ങിയ
കണ്ണുകൾ , പുഞ്ചിരിയാൽ അതെല്ലാം
മറന്നുപോയി നമ്മൾ

by -Mebin Antony

## പ്രശ്നോത്തരി



1. ജീവശാസ്ത്രത്തിന്റെ പിതാവ് ആര് ?
ഉ: അരിസ്റ്റോട്ടിൽ

2. ആരാണ് അനലിറ്റിക്കൽ എൻജിൻ കണ്ടുപിടിച്ചത് ?
ഉ: ചാൾസ് ബാബേജ്

3. ആരാണ് ഇന്ത്യയിൽ ആദ്യമായി നൊബേൽ സമ്മാനം കരസ്ഥാമാക്കിയ ആൾ ?
ഉ: രവീന്ദ്രനാഥ  ടാഗോർ

4. "അഗ്നിച്ചിറകുകൾ" എന്ന് പുസ്തകം രചിച്ചതാര് ?
ഉ: Dr. എ.പി.ജെ .അബ്ദുൽ കലാം

5. ഇന്ത്യൻ ഭരണകൂടത്തിൽ എത്ര വകുപ്പുകളുണ്ട് ?
ഉ: 395

6 .W.H.O യുടെ പൂർണരൂപം എന്ത് ?
ഉ: വേൾഡ് ഹെൽത്ത്  ഓർഗനൈസേഷൻ

7. 'കേരള വ്യാസൻ' എന്നറിയപ്പെടുന്നത് ആര് ?
ഉ: കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

8. കമ്പ്യൂട്ടറിന്റെ പിതാവ് ആരാണ് ?
ഉ: ചാൾസ് ബാബേജ്

9. കാനഡയുടെ തലസ്ഥാനം ?
ഉ: ഒട്ടാവാ

10. 2018 -ഫിഫാ വേൾഡ് കപ്പിൽ 'ഗോൾഡൻ ബൂട്ട്'കരസ്ഥമാക്കിയതാര് ?
ഉ: ഹാരി കെയ്ൻ

by: Nithin varghese



# <u>വ്യക്തിത്വ വികസനം ഒരു വിശകലനം</u>

മാനവരാശിക്ക് മഹത്തായ സംഭാവനകൾ നൽകിയ പ്രമുഖരുടെ സംഭാവനകൾ പരിശോധിച്ചാൽ അവർ സമൂഹത്തിന്റെ അംഗീകാരം നേടിയത് തങ്ങൾ നൽകിയ മഹത്തായ സേവനങ്ങളുടെയും അടിസ്ഥാനതിലാണെന്ന് കാണാം. അവരെ കൂടുതൽ നാം നിരീക്ഷിക്കുമ്പോൾ അവരുടെ നല്ല രീതികൾ മാത്രമല്ല ഉന്നതമായ ആശയങ്ങളും അവരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിരുന്നു എന്നു കാണാം.



നമ്മൾ മറ്റുളവരെ ആദർശിക്കുവാനും ആദരവ് നേടുവാനും വേണ്ടി ഒട്ടനവധി ശൈലികളും പ്രയോഗങ്ങളും രുപപ്പെടുത്തിയിട്ടുണ്ട്. ഇത്തരം രൂപങ്ങൾ നമ്മടെ പ്രയോഗങ്ങളുടെ അടയാളങ്ങൾ ആകുകയും അത്തരം പ്രയോഗങ്ങളിലൂടെ നമ്മൾ മറ്റുള്ളവരുടെ ആദരവ് നേടുകയും ആകര്ഷിക്കപ്പെടുകയും ചെയുന്നു. മുകളിൽ പറഞ്ഞ്

രൂപങ്ങളുടെ മാസ്മരശക്തികൊണ്ട് മറ്റുള്ളവരെ നമ്മുടെ ഹൃദയങ്ങളിലേക്ക് ആവാഹിക്കുവാനും സ്വാധിനിക്കുവാനും കഴിയുമ്പോളാണ് നേതൃതഗുണമുള്ള നേതാക്കളുണ്ടാകുകയും മറ്റുള്ളവരിലേക്ക് നന്മുടെ അംശം വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും അനർഗളമായി ഒഴുകിയത്തുകയും ചെയുന്നത്.

പുരോഗമനപരമായ ആശയങ്ങളും മെച്ചപ്പെട്ട ചിന്തകളും ഒരു വ്യക്തിയും ഉടലെടുക്കുമ്പോൾ അയാൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാകുകയും അയാൾക്ക് മറ്റുള്ളവരെ ആകര്ഷിക്കുവാൻ കഴിയുകയും ഇങ്ങനെ പതിയെ ഒരു വ്യതിക്തമുള്ള ദാർശനികത കൈവരുകയും ചെയുന്നു.അങ്ങനെ ഉണ്ടാവുന്ന സാഹചര്യങ്ങളിൽ അവർ ദൈവത്തോട് കൂടുതൽ കടപ്പെട്ടിരിക്കുന്നു.കാരണം ഒരു ദൈവാനുഗ്രഹം അവർ നേടിയെടുക്കുന്നു.



## ജ്വിവിത യാത്ര




ബാല്യത്തിൽ
ഞാനെൻ
അമ്മതൻ മടിത്തട്ടിൽ
താരാട്ടു കെട്ടുറങ്ങുബോളുണ്ടായിരുന്ന സുഖവും
അമ്മയുടെ കോരിച്ചൊരിയുന്ന സ്നേഹവാത്സല്യങ്ങൾ
എവിടെയോ എന്നിൽ നിന്ന് ഓടിയൊളിച്ചിരിക്കുന്ന
ജീവിതത്തിന്റെ വഴിത്തിരിവായ കൗമാരത്തിലേക്ക്
പ്രവേശിച്ചപ്പോൾ
അമ്മയുടെ സ്നേഹവും സംരക്ഷണവും  എന്നെ
അനുഗമിച്ചിരുന്നു
കോഴി ചിറകിൻ കിഴിൽ കുഞ്ഞുങ്ങളെ എന്നപോലെ

അമ്മയുടെ തണലിൽ ഞാൻ അന്നും വളർന്നുവന്നു.
യുവത്വത്തിന്റെ വേഷഭൂഷണങ്ങളിണഞ്ഞ്
പ്രേവശിച്ചപ്പോൾ
അതിന്റെ സന്തോഷവും ശോഭയും വദനത്തിൽ
തിളങ്ങിനിന്നു.
പ്രഭാത സൂര്യൻ പ്രഭാതത്തിൽ തിളങ്ങുന്നതുപോലെ
എൻ ജീവിതം ആർക്കോ വേണ്ടി ഉഴുതുമാറ്റപെട്ട
സമയും.
ആരാലും ആകര്ഷിക്കപ്പെടുന്ന മുഖശോഭയും
ശരീരസൗന്ദര്യവും
എന്നിൽ നിന്ന് ഓടിയൊളിച്ചിരിക്കുന്നു
വാർദ്ധക്യും വേദനകൾ നിറഞ്ഞ ഒരവസ്ഥയാണ്
സമൂഹത്തിൽ നിന്നും മറ്റും തിരസ്ക്കരണങ്ങൾ
ഏറ്റുവാങ്ങേണ്ടിവരുന്നു

By: Arya S



# PORTS OF CPU








# <u>പ്രഭാതം</u>

സൂര്യകിരണങ്ങൾ തൊട്ടുണർത്തി
എൻ കണ്ണിണകളെ
മറ്റൊരു പ്രഭാതത്തിലേക്ക്
സ്വാഗതം ചെയ്യുകയാണവർ.
മഞ്ഞുതുള്ളികൾ പൊതിഞ്ഞ പൂക്കളെ
കണ്ടെൻ കണ്ണുകൾ വിടരുന്നു
കിളികൾ തൻ ഈണങ്ങൾ
എൻ കാതുകൾ കുളിർപ്പിക്കുന്നു.
മധുരം പകരുമി പ്രഭാതകാഴ്ചകൾ
ഐശ്വര്യം നേരുന്നെൻ ജീവിതത്തിൽ.

by: മെബിൻ ആന്റണി

# സത്യം



സത്യവും മിഥ്യയും തമ്മിലുള്ള
വ്യത്യസ്ത ഭാവം തിരിച്ചറിയും
മർത്യനു ജീവിതമെന്നുമെന്നും




മുൽകർഷമേകുന്നതായിരിക്കും
സത്യമി വിശ്വത്തിനാധാരമെ
നുത്തമ പുരുഷർ  ചൊന്നകാര്യം
വിസ്മരിക്യത്തെ ഇരിക്കുമെങ്കിൽ
നിത്യ വിജയം നമ്മുക്ക് നേടാം
ഉറ്റവരില്നിരിക്കുമേക്കിലും
സ്നേഹം സ്ഫുരിക്കുന്ന ഭാവങ്ങളും
കള്ളമില്ലാതാകുന്ന പുഞ്ചിരിയും

By:Gowtham krishna .K

നവകേരളം -ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന 51 സംസ്ഥാനമാണ് കേരളം.അതിഭീകരം തന്നെയായിരുന്നു കേരളം ഈ വർഷം നേരിട്ട ദുരന്തം .ഇപ്പോഴും നാം അതിൽ നിന്ന് പൂർണമായും




മോചനം നേടിയിട്ടില്ല.അപ്രതീക്ഷിതമായിട്ടായിരുന്നു ആ ദുരന്തം എത്തിയത്.ആ ശക്തിയിൽ തന്നെ നാം അതിനെ ഒരിമിച്ച് നേരിട്ടു.അതിജീവനത്തിന്റെ മാർഗ്ഗം നാം തേടി.ചെറുതെന്നും വെല്ലുതെന്നും വിവേചനമില്ലാതെ നാം കൈകോർത്തു.കേളം മുഴുവനായും തകർന്ന നിലയിലാണ്.അതുകൊണ്ട് അതിജീവനത്തിനായുള്ള ചുവെടുവെപ്പുകൾ നാം നടത്തിക്കൊണ്ടിരിക്കുകയാണ്.വീടുകൾ നഷ്ട്ടപ്പെട്ടവർക്ക് അത് നൽകി സഹായിച്ചുകൊണ്ടാണ് കേരളത്തിന്റെ പുനനിർമാണം ആരംഭിക്കേണ്ടത്.

ഡാം മാനേജ്മെന്റിൽ വൈവിധ്യം വേണം,ഡാം മാനേജ്മെന്റ് അതോറിറ്റിയുടെ അടിസ്ഥാനസൗകര്യവും മനുഷ്യവിഭവശേഷിയും വർധിപ്പിച്ച് വൈദഗ്ദ്യം ഉറപ്പാക്കുക,മാലിന്യനിർമാർജനവും കൊതുകുശുചീകരണവും നടപ്പാക്കി സുന്ദരകേരളംഎന്ന ലക്ഷ്യം പൂർത്തിയാക്കുക,സ്ത്രീകളുടെ ജീവിത നിലവാരവും ജീവിതമാർഗ്ഗവും മനസ്സിലാക്കണം, ഇതുപോലുള്ള അനേകം കാര്യങ്ങളിൽ നാം ഒരു നവകേരളം നിർമിക്കാം.

By:jaisy joseph

# DIGITAL PAINTING



# THANKS









